# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 8376/11/12/2024/റ്റി.വി എം.**

ഹർജിക്കാരി : അംബിക എ. സ്റ്റേഷനറി ഷോപ്പ്, തമ്പുരാൻ മുക്ക്, കുഴിവിള. കരിമണൽ പി ഓ, തിരുവനന്തപുരം .

എതിർകക്ഷി :

**ഉത്തരവ് തീയതി : 01-11-2025.**

ഹർജിക്കാരി തൻറെ കെട്ടിടത്തിൽ കടമുറികൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്തും ഒരു കടമുറിയിൽ സ്വന്തമായി ചായക്കച്ചവടം ചെയ്ത് ജീവിച്ചു വരികയായിരുന്നുവെന്നും എന്നാൽ പ്രസ്തുത കെട്ടിടത്തിന് മുൻപിൽ കേരള വാട്ടർ അതോറിറ്റി ഒന്നര വർഷം മുമ്പ് വലിയ കുഴികൾ എടുത്ത് ഗർത്തം പോലെ ആക്കിയതിനാൽ കെട്ടിടത്തിന് നാശനഷ്ടം ഉണ്ടായെന്നും കടമുറികൾ വാടകയ്ക്ക് നൽകുന്നതിനോ സ്വന്തമായി ചായക്കച്ചവടം ചെയ്യുന്നതിനോ സാധിക്കാതെ വന്നെന്നും ഹർജിക്കാരിക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നും നാലുലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്നതിനും കെട്ടിടത്തിന്റെ മുൻവശം പഴയതുപോലെ പുനസ്ഥാപിച്ചു കിട്ടുന്നതിനുമുള്ള നടപടി ഉണ്ടാകണമെന്നുമാണ് ആവലാതി.

2. പരാതിയിൽ പരാമർശിക്കുന്ന സ്ഥലത്ത് ഒരു പ്രവർത്തികളും നടത്തിയിട്ടില്ലെന്ന് കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ നോർത്ത്, വെള്ളയമ്പലം, എക്സിക്യൂട്ടീവ് എൻജിനീയർ 16/6/2025 ന് റിപ്പോർട്ട് ചെയ്തു. പരാതിയിൽ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 16/6/2025 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. തമ്പുരാൻ മുക്കിൽ ദേശീയപാതയ്ക്ക് കുറുകെ എച്ച്.ഡി പൈപ്പ് ലൈൻ പ്രവർത്തികൾ ആരംഭിച്ചപ്പോൾ പാറയുടെ സാന്നിധ്യം കണ്ടതിനാൽ കരാറുകാരൻ പണി ഉപേക്ഷിച്ചു പോയതും തുടർന്ന് പുതിയ കരാർ നൽകേണ്ടി വന്നതും പാറ തുറന്നുള്ള പ്രവർത്തി ആയതിനാലും കനത്ത മഴയും വെള്ളക്കെട്ടും മൂലവും പണി വൈകാൻ കാരണമായെന്നും പാറ ഉണ്ടായിരുന്നതിനാൽ റോഡിനോട് ചേർന്നുള്ള ഹർജിക്കാരിയുടെ കടമുറികൾക്ക് മുന്നിലുള്ള റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടി വന്നതാണ് പരാതിക്ക് കാരണമെന്നും ഈ ഭാഗത്ത് ഓട ഇല്ലാത്തതിനാൽ മഴ പെയ്യുമ്പോൾ വെള്ളക്കെട്ട് ഉണ്ടാകാറുണ്ടെന്നും ഇതെല്ലാം ഹർജിക്കാരിയുടെ കെട്ടിടത്തിന് കേടുപാടുകൾക്ക് കാരണമായിട്ടുണ്ടെന്നും മേൽ പ്രവർത്തികൾ എല്ലാം പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറിയ റോഡിന്റെ പുനസ്ഥാപന പ്രവർത്തികൾ നടന്നുവരുകയാണെന്നും ഹർജിക്കാരിയുടെ കടമുറിയിലേക്കുള്ള കുടിവെള്ള കണക്ഷൻ പുനസ്ഥാപിച്ച് നൽകുകയും കടമുറിക്ക് സംഭവിച്ച കേടുപാടുകൾ പൂർണ്ണമായി പരിഹരിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡ് ടാറിങ് പണി പൂർത്തിയാകുന്നതോടുകൂടി ഹർജിക്കാരിയുടെ പരാതിക്ക് പരിപൂർണ്ണ പരിഹാരം ഉണ്ടാകുന്നതാണെന്നും വാട്ടർ അതോറിറ്റിയുടെ മേൽ റിപ്പോർട്ടിൽ പറയുന്നു.

3. ഹർജിക്കാരി ടിയാളുടെ മകളോടൊപ്പം ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി തൻറെ പരാതിക്ക് ഒരു പരിഹാരവും ഉണ്ടായിട്ടില്ല എന്ന് ബോധിപ്പിച്ചു. പ്രശ്നങ്ങൾ പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റി ചെയ്ത പ്രവർത്തികൾ എല്ലാം തന്നെ കൂടുതൽ പ്രശ്നങ്ങൾക്ക് കാരണമായെന്നും അവിടെ ഇൻറർലോക്ക് ചെയ്തതിനാൽ റോഡ് ഉയർന്ന ലെവലിൽ ആവുകയും കട താഴ്ന്ന ലെവലിൽ ആകുകയും ചെയ്തതിനാൽ ഒഴുകിവരുന്ന മഴവെള്ളം കടയ്ക്കുള്ളിൽ കയറുന്നു എന്നും ഹർജിക്കാരി സ്വന്തം ചിലവിൽ കടയുടെ ലെവൽ ഉയർത്തി എന്നും എന്നാൽ അടിത്തറയിലൂടെ വെള്ളം ഊറി വന്ന് കടയ്ക്കുള്ളിൽ കെട്ടിനിൽക്കുന്ന അവസ്ഥയാണെന്നും ഹർജിക്കാരി ആരോപിച്ചു. മേൽ ബുദ്ധിമുട്ടുകൾ മൂലം അടച്ചിട്ടിരുന്ന തൻറെ കട തുറന്നു പ്രവർത്തിപ്പിക്കാൻ ഇതിനോടകം 4 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ കൂടുതൽ ബുദ്ധിമുട്ടുകൾ

ഉണ്ടാക്കികൊണ്ടിരിക്കുകയാണെന്നും ഈ പ്രവർത്തി മൂലം മൂന്നുവർഷമായി കട വാടകക്കെടുക്കാൻ ആരും തയ്യാറാകുന്നില്ലെന്നും തനിക്ക് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെട്ടു. ആ വിഷയത്തിലേക്ക് കമ്മീഷൻ ഇപ്പോൾ കടക്കുന്നില്ല.

I. കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 16/6/2025 തീയതിയിലെ റിപ്പോർട്ടിൽ ഹർജിക്കാരിയുടെ ആരോപണങ്ങളെല്ലാം തന്നെ ശരി വയ്ക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കുന്നതിനുള്ള ബാധ്യത സർക്കാർ വകുപ്പുകൾക്ക് ഉണ്ട്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും PWD യും KWA യും മാറിനിൽക്കുന്നത് അനുവദിക്കാൻ കഴിയില്ല. കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനേയും പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്റെ കീഴിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയും നിയോഗിച്ച് ഹർജിക്കാരിക്കും തിരുവനന്തപുരം നഗരസഭയുടെ ബന്ധപ്പെട്ട LSGD അസിസ്റ്റന്റ് എഞ്ചിനീയർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് ഹർജിക്കാരിയുടെ കെട്ടിടത്തിലും പരിസരത്തും സംയുക്ത പരിശോധന നടത്തി ഹർജിയിലെ ആരോപണങ്ങൾ ശരിയാണോ. കേരള വാട്ടർ അതോറിറ്റിയുടെ മേൽപ്പറഞ്ഞ പ്രവർത്തികൾ കൊണ്ട് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എന്തൊക്കെയാണ്. പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടോ. ഇനി എന്തൊക്കെ പരിഹാര നടപടികളാണ് പൂർത്തിയാക്കാനുള്ളത്, പ്രശ്നം പൂർണമായി പരിഹരിക്കുന്നതിന് നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോരിറ്റിയാണോ പൊതുമരാമത്ത് വകുപ്പാണോ, തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ടി ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കണം. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനുള്ള നടപടികളും റിപ്പോർട്ടിൽ പ്രതിപാദിക്കണം മേൽ റിപ്പോർട്ട് അനുസരിച്ച് പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടത് KWA ആണെങ്കിൽ KWA Project Division Executive Engineer ഉം അതല്ല PWD ആണെങ്കിൽ PWD Executive Engineer ഉം, ഈ രണ്ടു വകുപ്പുകളും ചേർന്നാണ് പരിഹരിക്കേണ്ടതെങ്കിൽ മേൽപ്പറഞ്ഞ രണ്ട് Executive Engineer മാരും സംയുക്തമായി അതനുസരിച്ചുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ഹർജിക്കാരിയുടെ പരാതിക്ക് പൂർണ്ണമായ പരിഹാരം ഉണ്ടാക്കണം. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കിക്കൊണ്ട് കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറും ആറാഴ്ചക്കുള്ളിൽ പ്രത്യേകം പ്രത്യേകം action taken report കമ്മീഷനിൽ സമർപ്പിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരിക്കും കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പരാതിയുടെ പകർപ്പ് സഹിതം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്/-

**ജസ്റ്റിസ് അലക്സാണ്ടർ തോമസ്**

**ചെയർപേഴ്സൺ**

//ശരിപകർപ്പ്//

**രജിസ്ട്രാർ**